# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1734 05.02.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകൾക്ക് പ്രോഗ്രസ്സ് കാർഡ് സംവിധാനം

ചോദ്യം

ശ്രീ.സി. ദിവാകരൻ
,, ആർ. രാമചന്ദ്രൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.മുഹമ്മദ് മുഹസിൻ പി.

ഉത്തരം

ശ്രീ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ഉണ്ടാകുന്ന കാലതാമസം വിദ്യാർത്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്; സർവ്വകലാശാലാ പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകിവരുന്നു. ഇതിനായി, സർവ്വകലാശാലകളിലെ പ്രോ.വൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, എന്നീ കാര്യങ്ങളിലൊക്കെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ പൊതു കലണ്ടർ രൂപീകരിക്കുകയാണ് ഉദ്ദേശ്യം. ഇത്തരത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, പ്രവേശനം തുടങ്ങിയ കാര്യങ്ങളിൽ ആധുനിക വൽക്കരണവും കമ്പ്യൂട്ടർ വൽക്കരണവും നടത്തിയതിന്റെ ഫലമായി വ്യക്തമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | പരീക്ഷാഫീസ്, സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, പരാതി പരിഹാരം തുടങ്ങിയവ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർവ്വകലാശാലകൾ പാലിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | പരീക്ഷാഫീസ്, സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, പരാതി പരിഹാരം തുടങ്ങിയവ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർവ്വകലാശാലകൾ പാലിച്ചിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഇക്കാര്യത്തിൽ ഏതൊക്കെ സർവ്വകലാശാലകളാണ് പിന്നിൽ നിൽക്കുന്നതെന്നും അതിന്റെ കാരണങ്ങളും വ്യക്തമാക്കുമോ; | | |
| (ഡി) | സർവ്വകലാശാലകൾക്ക് പ്രോഗ്രസ്സ് കാർഡ് സംവിധാനം നടപ്പിൽ വരുത്തുമോ; വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ